പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5416 | 31.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **സ്കൂൾ കൗൺസിലർമാരുടെ ഹോണറേറിയം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. എം. സ്വരാജ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സ്കൂൾ കൗൺസിലർമാരുടെ ഹോണറേറിയം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് ഏതെങ്കിലും അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) സ്കൂൾ കൗൺസിലർമാരുടെ ഹോണറേറിയം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് അപേക്ഷ ലഭിച്ചിട്ടുണ്ട്. നിലവിൽ സ്കൂൾ കൗൺസിലർമാർക്ക് ലഭിക്കുന്ന ഹോണറേറിയം 12,500/- രൂപയിൽ നിന്നും ഐ.ഇ.ഡി. ടീച്ചർമാർക്ക് ലഭിക്കുന്ന ശമ്പളം ആക്കി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ടി അപേക്ഷയിൽ അഭ്യർത്ഥിച്ചിരിക്കുന്നത്. |
| (ബി) ബഹു. മന്ത്രിയുടെ ഓഫീസിൽ നിന്നും പ്രസ്തുത അപേക്ഷ എന്നാണ് വകുപ്പ് ഡയറക്ടർക്ക് നൽകിയതെന്നും ഇതു സംബന്ധിച്ച ഫയലിന്റെ നമ്പരും അറിയിക്കുമോ; | (ബി) ആരോഗ്യ സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ ആഫീസിൽ നിന്നും 04.08.2016നാണ് സാമൂഹ്യനീതി ഡയറക്ടർക്ക് ടി കത്ത് ലഭിച്ചിട്ടുള്ളത്. സാമൂഹ്യനീതി ഡയറക്ടറേറ്റിലെ ഫയൽ നമ്പർ ഐ.സി.ഡി.എസ്/എ6-1478/2016 ആണ്. |
| (സി) പ്രസ്തുത ഫയലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; ഈ ഫയലിൽ നടപടി സ്വീകരിക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ; | (സി) ഫയൽ നമ്പർ ഐ.സി.ഡി.എസ്/എ6-1478/2016 പ്രകാരമുള്ള അപേക്ഷയിന്മേൽ 11.08.2016 ന് സെക്ഷൻ നടപടി സ്വീകരിച്ചിരുന്നു. കൗൺസിലർമാരുടെ ഹോണറേറിയം 12,500/- രൂപയിൽ നിന്നും 14,000/- രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ 04.03.2016 ലെ ഐ.സി.ഡി.എസ്/എ6-1478/2016 നമ്പരായ കത്ത് പ്രകാരം നൽകിയിരുന്നതിനാൽ ആയതിനുള്ള തീരുമാനം ആകുന്ന മുറയ്ക്ക് പുതിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത ഫയലിൽ ഗുരുതര വീഴ്ചയൊന്നും തന്നെ സംഭവിച്ചിട്ടില്ല. |
| (ഡി) പ്രസ്തുത ഫയലിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ പേരുകൾ, തസ്തികകൾ, തീയതികൾ സഹിതം അറിയിക്കുമോ; | (ഡി) ഐ.സി.ഡി.എസ്/എ6-1478/2016 നമ്പർ ഫയൽ സെക്ഷൻ ക്ലാർക്കായ ശ്രീ. പ്രകാശ് കുമാർ 11.08.2016 ന് സൂപ്രണ്ടിന് സമർപ്പിക്കുകയും, 12.08.2016 ന് സൂപ്രണ്ടായ ശ്രീമതി. വത്സമ്മ, സ്റ്റേറ്റ് പ്രോഗ്രാം ഓഫീസറായ ശ്രീമതി. ചിത്രലേഖയ്ക്ക് സമർപ്പിക്കുകയും ചെയ്തു. സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ 12.08.2016ന് തന്നെ ജോയിന്റ് ഡയറക്ടറായ ശ്രീമതി. |

| | |
|---|---|
| | ജലജയ്ക്ക് ഫയൽ സമർപ്പിച്ചു. ജോയിന്റ് ഡയറക്ടർ 16.08.2016 തീയതിയിൽ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടറായ ശ്രീ. വി.എസ്. വേണുവിന് ഫയൽ സമർപ്പിച്ചു. സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ ഫയൽ റിമാർക്സിനായി 17.08.2016 ന് സീനിയർ സൂപ്രണ്ടായ ശ്രീ ബാഹുലേയൻ നായർക്ക് നൽകി. സീനിയർ സൂപ്രണ്ട് ഫയലിൽ റിമാർക്സ് രേഖപ്പെടുത്തി 22.08.2016 ന് സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർക്ക് ഫയൽ മടക്കി നൽകി. തുടർന്ന്, നിലവിൽ സ്കൂൾ കൗൺസിലർമാരുടെ ഹോണറേറിയം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ഐ.സി.ഡി.എസ്/എ6-1478/2016 നമ്പർ പ്രകാരം സർക്കാരിന് നൽകിയിട്ടുള്ളതിനാൽ ടി പ്രൊപ്പോസലിൽ തീരുമാനം ആകുന്ന മുറയ്ക്ക് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ സാമൂഹ്യനീതി ഡയറക്ടർ തീരുമാനിക്കുകയുണ്ടായി. |
| (ഇ) സ്കൂൾ കൗൺസിലർമാരുടെ ഹോണറേറിയത്തിൽ അർഹമായ വർദ്ധന വരുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ഇ) സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി ആരംഭിക്കാൻ തീരുമാനിച്ച മുഴുവൻ സ്കൂളിലും പദ്ധതി നടപ്പിലാക്കിയശേഷം ക്ലിനിക്കുകളുടെ പ്രവർത്തനം, കൗൺസലർമാരുടെ യോഗ്യത എന്നിവ പരിശോധിച്ചശേഷം സ്കൂൾ കൗൺസലർമാരുടെ ഹോണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ